# Malayala Manorama

# 30 August 2018

# Kochi; Flood , Reconstruction Aims to Reduce Disaster

## ദുരന്തം കുറയ്ക്കുന്ന പുനർനിർമാണം ലക്ഷ്യം

■ പുനരധിവാസ, പുനർനിർമാണ, പരിസ്ഥിതി പ്രശ്നങ്ങൾ കൈകാര്യം ചെയ്യാൻ സമഗ്ര പദ്ധതിയുണ്ടാക്കുമെന്ന് സർക്കാർ ഹൈക്കോടതിയിൽ

**മനോരമ ലേഖിക**

**കൊച്ചി** ● ഭാവിയിൽ ദുരന്തസാധ്യത പരമാവധി കുറയ്ക്കുന്ന തരത്തിൽ മെച്ചപ്പെട്ട പുനർനിർമാണമാണു സർക്കാർ ഉദ്ദേശിക്കുന്നതെന്നു സംസ്ഥാന സർക്കാർ ഹൈക്കോടതിയെ അറിയിച്ചു. പുനരധിവാസ, പുനർനിർമാണ, പരിസ്ഥിതി പ്രശ്നങ്ങൾ കൈകാര്യം ചെയ്യാൻ സമഗ്ര പദ്ധതിയുണ്ടാക്കും. പ്രളയക്കെടുതിയുടെ യഥാർഥനഷ്ടം രണ്ടോ മൂന്നോ ആഴ്ചയ്ക്കുള്ളിൽ കണക്കാക്കും. എന്നാൽ, ദുരന്തത്തിന്റെ ദൂരവ്യാപക പ്രത്യാഘാതങ്ങൾ ഈ ഘട്ടത്തിൽ കണക്കാക്കാനാവില്ലെന്നും അറിയിച്ചു. പ്രളയ ദുരിതാശ്വാസവുമായി ബന്ധപ്പെട്ട് എ.എ. ഷിബി സമർപ്പിച്ച പൊതുതാൽപര്യ ഹർജിയിലാണു ദുരന്തകൈകാര്യ വകുപ്പ് അഡീ. സെക്രട്ടറി കെ. ഷൈലശ്രീയുടെ സത്യവാങ്മൂലം.

സാറ്റലൈറ്റ് ചിത്രം ഉൾപ്പെടെ ശാസ്ത്രീയ മാർഗങ്ങളിലൂടെ ദുരന്തബാധിത മേഖലകളുടെ മാപ്പിങ് നടത്തും. ഉരുൾപൊട്ടലിന്റെ കാരണവും സാധ്യതയും കണ്ടെത്താൻ ജിയോളജിക്കൽ സർവേ ഓഫ് ഇന്ത്യയും മാപ്പിങ് നടത്തും. പ്രളയത്തിൽ നാശനഷ്ടമുണ്ടായ 309 സ്കൂളുകൾ ഉടൻ നന്നാക്കും. പ്രളയക്കെടുതി നേരിട്ട വീടുകൾ നന്നാക്കാൻ സഹായം പ്രഖ്യാപിച്ചിട്ടുണ്ട്.

ദുരന്തം മൂലം 20,000 കോടി രൂപയുടെ നഷ്ടമാണു പ്രാഥമികമായി കണക്കാക്കുന്നത്. 775 വില്ലേജുകളിൽ 55 ലക്ഷം ജനങ്ങൾ ദുരിതത്തിലായി. മേയ് 29 മുതൽ ഓഗസ്റ്റ് 25 വരെ 445 പേർ മരിച്ചു. പതിനായിരത്തിലേറെ കിലോമീറ്റർ പൊതുമരാമത്ത്, ഗ്രാമീണ റോഡുകളും നൂറുകണക്കിനു പാലങ്ങളും തകർന്നു. പ്രളയം കുടിവെള്ള വിതരണത്തെ ബാധിച്ചു. ജല അതോറിറ്റിയുടെ പ്രാഥമിക നഷ്ടം 460.42 കോടിയാണ്. ജലവിതരണം 92% പുനഃസ്ഥാപിച്ചു. 452 വില്ലേജുകൾ പ്രളയബാധിതമായി പ്രഖ്യാപിച്ചിട്ടുണ്ട്. ഓരോ മേഖലയിലെയും നഷ്ടം നിർണയിച്ചു കേന്ദ്രത്തിനു സഹായാഭ്യർഥന നൽകും. ഇടയ്ക്ക് 820.43 കോടി രൂപയുടെ സഹായം ആവശ്യപ്പെട്ട വേളയിൽ പ്രധാനമന്ത്രിയുടെ സന്ദർശനശേഷം 600 കോടി കിട്ടി.

ദേശീയ ദുരന്ത കൈകാര്യ മാനദണ്ഡങ്ങൾ പാലിച്ച് പുനരധിവാസ, പുനർനിർമാണ നടപടി ആരംഭിച്ചിട്ടുണ്ടെന്നും വിശദീകരിച്ചു.

നിധിയിലേക്കു ലഭിച്ചവ പ്രത്യേക അക്കൗണ്ടിലേക്കു മാറ്റണമെന്നും കണക്ക് പരസ്യപ്പെടുത്തണമെന്നും ആവശ്യപ്പെട്ട് ഇടുക്കി സ്വദേശി എ.എ. ഷിബി സമർപ്പിച്ച ഹർജി ചീഫ് ജസ്റ്റിസ് ഹൃഷികേശ് റോയ്, ജസ്റ്റിസ് എ.കെ. ജയശങ്കരൻ നമ്പ്യാർ എന്നിവരുടെ ബെഞ്ചാണു പരിഗണിച്ചത്. ഗുജറാത്തിലെ ഭൂകമ്പം നേരിട്ട പോലുള്ള സംവിധാനം വേണമെന്നു ഹർജിഭാഗം വാദിച്ചു. ഗുജറാത്തും കേരളവും സമാനമല്ലെന്നും കേരളത്തിനു വേണ്ട മികച്ച കാര്യമാണു ചെയ്യേണ്ടതെന്നും കോടതി പറഞ്ഞു. സന്നദ്ധ സംഘടനകൾ പിരിച്ച പണവും വസ്തുക്കളും ബാക്കിയുണ്ടെങ്കിൽ ഏറ്റെടുക്കാൻ സർക്കാരിനു സംവിധാനം വേണ്ടതല്ലേ എന്നും കോടതി ചോദിച്ചു. സർക്കാരിന്റെ അഭിപ്രായം തേടി കേസ് മാറ്റി.

### ഹർജികളിൽ സർക്കാർ വിശദീകരണം തേടി കോടതി

**മനോരമ ലേഖിക**

**കൊച്ചി** ● പ്രളയവുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളിലുള്ള പൊതുതാൽപര്യ ഹർജികൾ ഹൈക്കോടതിയിലേക്ക്.

പ്രളയാനന്തരം അടിഞ്ഞുകൂടിയ മാലിന്യങ്ങളുടെ കൈകാര്യത്തിന് അടിയന്തര സംവിധാനം വേണമെന്ന് ആവശ്യപ്പെട്ട് കളമശേരി സ്വദേശി ജാക്സൺ മാത്യു, മനുഷ്യനിർമിത പ്രളയത്തിന്റെ കാരണം കണ്ടെത്താനും ഉദ്യോഗസ്ഥരുടെ വീഴ്ച പുറത്തുകൊണ്ടുവരാനും അന്വേഷണം ആവശ്യപ്പെട്ട് കൊച്ചിയിലെ ടി.ജി. മോഹൻദാസ്, ദുരിതാശ്വാസ പുനരധിവാസ പ്രവർത്തനങ്ങൾക്കു സംഭാവനയായി ലഭിച്ച സാമഗ്രികളുടെ ഇറക്കുമതിക്ക് ഇളവനുവദിച്ച കേന്ദ്ര ഉത്തരവിന്റെ നടത്തിപ്പു ഫലപ്രദമാക്കണമെന്ന് ആവശ്യപ്പെട്ട് പാലാരിവട്ടം സ്വദേശി അനിൽ സെബാസ്റ്റ്യൻ പുളിക്കൽ എന്നിവരാണു കോടതിയിലെത്തിയത്.

ഹർജികളിൽ സർക്കാർ വിശദീകരണം നൽകണം. പ്രളയശേഷം വീടുകളിൽ കുന്നുകൂടിയ ചെളി, പ്ലാസ്റ്റിക് ഇലക്ട്രോണിക്, വീട്ടുപകരണ മാലിന്യങ്ങൾ നീക്കി സംസ്കരിക്കുന്നതിൽ തദ്ദേശ സ്ഥാപനങ്ങൾ പരാജയപ്പെട്ടതായി ആരോപിച്ചാണു ജാക്സൺ മാത്യുവിന്റെ ഹർജി. 2005ലെ ദുരന്ത നിവാരണ നിയമത്തിലെയും 2006ലെ കേരള ജലസേചന, ജലസംരക്ഷണ നിയമത്തിലെയും വകുപ്പുകൾ പ്രകാരമുള്ള ഉത്തരവാദിത്തങ്ങൾ നിർവഹിക്കുന്നതിൽ അധികൃതർ വീഴ്ച വരുത്തിയെന്നാണ് മോഹൻദാസിന്റെ ഹർജിയിലെ ആരോപണം. ദുരിതാശ്വാസത്തിന്റെ ഭാഗമായി വിദേശത്തുനിന്നു സംഭാവനയായി എത്തുന്ന സാമഗ്രികളുടെയും ചരക്കുനീക്കത്തിന്റെയും വിശദാംശങ്ങൾ അറിയിക്കണമെന്നാണ് അനിൽ സെബാസ്റ്റ്യന്റെ ഹർജിയിലെ ആവശ്യം.